# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 17.07.2026**

### പ്രധാനവാർത്തകൾ

1. രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവ്വീസിന് ഹരിയാനയിൽ തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. റെയിൽ യാത്ര കൂടുതൽ പരിസ്ഥിതി സൗഹൃദമാക്കുക ലക്ഷ്യം.
2. സംസ്ഥാനത്ത് അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ആറ് റെയിൽവെ സ്റ്റേഷനുകൾ പ്രധാനമന്ത്രി ഇന്ന് ഓൺലൈനായി ഉദ്ഘാടനം ചെയ്യും.
3. നീറ്റ് - യുജി പുനഃപരീക്ഷ ഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രസിദ്ധീകരിച്ചു. പ്ലസ് വൺ പരീക്ഷാ ഫലം ഇന്ന്.
4. സംസ്ഥാനത്ത് അനാവശ്യ വൈദ്യുതി ഉപയോഗം ഒഴിവാക്കണമെന്ന് മന്ത്രി സണ്ണി ജോസഫ്.
5. ശബരിമല സന്നിധാനത്ത് വൻ ഭക്തജന തിരക്ക്. രാമായണ മാസാചരണത്തിന് തുടക്കം.
6. ലോക സമാധാനത്തിന്റെ ആവശ്യകത അനുസ്മരിച്ച് ഇന്ന് അന്താരാഷ്ട്ര നീതിന്യായ ദിനം.

RNU TVPM

*********************

## പ്രധാനമന്ത്രി ഹൈഡ്രജൻ ട്രെയിൻ

രാജ്യത്തെ ആദ്യ ഹൈഡ്രജൻ ട്രെയിൻ സർവ്വീസിന് ഹരിയാനയിൽ തുടക്കം കുറിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. റെയിൽ യാത്രയെ കൂടുതൽ സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമാക്കാൻ ലക്ഷ്യമിട്ടുള്ള ഹൈഡ്രജൻ ട്രെയിൻ ജീന്ദ് - സോനിപത് പാതയിലാണ് സർവീസ് നടത്തുക. ഹൈഡ്രജൻ ഇന്ധനത്തിൽ നിന്ന് സ്വന്തമായി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനാൽ കാർബൺ ബഹിർഗമനം ഉണ്ടാകില്ല എന്നതാണ് പ്രത്യേകത.

*********************

## അമൃത് ഭാരത് സ്റ്റേഷൻ പദ്ധതി

കേരളം ഉൾപ്പെടെ 20 സംസ്ഥാനങ്ങളിൽ അമൃത് ഭാരത് സ്റ്റേഷൻ പദ്ധതിയുടെ ഭാഗമായി നവീകരിച്ച 75 റെയിൽവേ സ്റ്റേഷനുകളുടെ ഉദ്ഘാടനവും പ്രധാനമന്ത്രി നരേന്ദ്ര മോദി ഓൺലൈനായി നിർവ്വഹിക്കും. ഇതിൽ ആറു സ്റ്റേഷനുകൾ കേരളത്തിലാണ്. അങ്കമാലി, ചാലക്കുടി, തലശ്ശേരി, തിരൂർ, പരപ്പനങ്ങാടി, നിലമ്പൂർ സ്റ്റേഷനുകൾ ഇതിൽ ഉൾപ്പെടുന്നു. ചാലക്കുടിയിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കും. തിരൂർ റെയിൽവേ സ്റ്റേഷൻ 26.5 കോടി രൂപ ചെലവിലും, തലശ്ശേരി സ്റ്റേഷൻ 22 കോടിയോളം രൂപ ചെലവഴിച്ചുമാണ് നവീകരിച്ചത്. പരപ്പനങ്ങാടി സ്റ്റേഷൻ 14 കോടിയിലേറെ രൂപയ്ക്കും, നിലമ്പൂർ സ്റ്റേഷൻ 16.4 കോടിക്കും, അങ്കമാലി സ്റ്റേഷൻ 9.28 കോടി രൂപ ചെലവിലുമാണ് നവീകരണം പൂർത്തിയാക്കിയത്.

*********************

## ബൈപ്പാസ് - മുഖ്യമന്ത്രി

കോട്ടയം കടുത്തുരുത്തി നിവാസികളുടെ വർഷങ്ങളായുള്ള കാത്തിരിപ്പിന് വിരാമം. 35 കോടി രൂപ ചെലവിൽ പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച കടുത്തുരുത്തി ടൗൺ ബൈപ്പാസ് റോഡിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി. സതീശൻ നാളെ നിർവഹിക്കും. ഇതോടെ, എറണാകുളം–കോട്ടയം സംസ്ഥാനപാതയിലെ യാത്രാക്ലേശത്തിന് വലിയ ആശ്വാസമാകും.

RNUTVPM

*********************

## പ്ലസ് വൺ പരീക്ഷാ ഫലം

സംസ്ഥാനത്ത് ഒന്നാം വർഷ ഹയർസെക്കൻഡറി പരീക്ഷാ ഫലം ഇന്ന്. results.hse. kerala.gov.in എന്ന വെബ്സൈറ്റിൽ വൈകിട്ട് 3.30 ന് ഫലം ലഭ്യമാകും. 4 ലക്ഷത്തോളം വിദ്യാർത്ഥികളാണ് ഇത്തവണ പരീക്ഷ എഴുതിയത്. കഴിഞ്ഞ വർഷം 62.28 ആയിരുന്നു വിജയ ശതമാനം.

*********************

## നീറ്റ് പുനഃപരീക്ഷ ഫലം

നീറ്റ് (യുജി) പുനഃപരീക്ഷ ഫലം നാഷണൽ ടെസ്റ്റിംഗ് ഏജൻസി പ്രസിദ്ധീകരിച്ചു. മെഡിക്കൽ, ഡെന്റൽ, ആയുഷ്, അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് 11 ലക്ഷത്തിലധികം വിദ്യാർത്ഥികൾ യോഗ്യത നേടി. ഔദ്യോഗിക വെബ്സൈറ്റായ neet.nta.nic.in-ൽ ഫലം ലഭ്യമാണ്.

*********************

## സി പ്ലെയ്ൻ സർവ്വിസ്സുകൾ (ഇൻട്രോ)

കൊച്ചി - ലക്ഷദ്വീപ് സീ-പ്ലെയ്ൻ സർവ്വിസ് യാഥാർത്ഥ്യമാകുന്നു. അഗത്തി, കവരത്തി, കൽപേനി,കടമം, കിൽത്താൻ എന്നീ ദ്വീപുകളിലായിരിക്കും പ്രഥാമിക ഘട്ടത്തിൽ സർവ്വീസുകൾ ആരംഭിക്കുക.

**വിശദാംശങ്ങളുമായി ആകാശവാണി ലക്ഷദ്വീപ് പ്രതിനിധി അബ്ദുൾ സലാം....**

(വോയ്സ്)

*********************

## പിണറായി വിജയൻ

വഖഫ് വിഷയത്തിൽ ഹർജിക്കാർക്കൊപ്പം സംസ്ഥാന സർക്കാർ ഒത്തു കളിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. മുസ്ലീം വിഭാഗത്തിൽ നിന്ന് അല്ലാത്തവരെ ബോർഡിൽ ഉൾപ്പെടുത്തിയ മറ്റ് സംസ്ഥാനങ്ങളുടെ അതേ വഴിയിലാണ് കേരളവും നീങ്ങുന്നതെന്നും അദ്ദേഹം ആരോപിച്ചു.

RNU TVPM

ഇത് മതനിരപേക്ഷതയ്ക്ക് എതിരാണെന്നും ശ്രീ പിണറായി വിജയൻ പറഞ്ഞു.

*********************

## ബോധവൽക്കരണ പരിപാടി (ഇൻട്രോ)

ഓപ്പറേഷൻ തൂഫാൻറെ ഭാഗമായി കണ്ണൂർ സിറ്റി പോലീസിൻറെ ആഭിമുഖ്യത്തിൽ നാളെ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കും. കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും. ശ്രീകണ്ഠപുരത്ത് നടക്കുന്ന ലഹരി വിരുദ്ധ പരിപാടിക്കും മന്ത്രി തുടക്കം കുറിക്കും .

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

*********************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 136-ാാം പതിപ്പ് ഈ മാസം 26-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും പങ്കുവയ്ക്കാം.

*********************

## ഐെസർ ബിരുദദാന ചടങ്ങ്

തിരുവനന്തപുരം വിതുര ഐെസറിലെ 14-ാമത്

ബിരുദ ദാനച്ചടങ്ങ് മറ്റെന്നാൾ രാവിലെ 10.30 നു നടക്കും.

നിതി ആയോഗ് അംഗവും കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് മുൻ സെക്രട്ടറിയുമായ പ്രൊഫ. അഭയ് കരന്ദികർ മുഖ്യാതിഥിയായിയാകും.

*********************

## സണ്ണി ജോസഫ്

RNU TVPM

സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിൽ വൻ വർദ്ധന ഉണ്ടായതായി മന്ത്രി സണ്ണി ജോസഫ്. മഴ കുറഞ്ഞത് വൈദ്യുതി ഉത്പാദനത്തെ ബാധിച്ചതായും അദ്ദേഹം പറഞ്ഞു. ആഡംബര വിളക്കുകളും അനാവശ്യ ഉപയോഗവും ഒഴിവാക്കണമെന്നും ശ്രീ സണ്ണി ജോസഫ് നിർദ്ദേശിച്ചു.

*********************

## കർക്കടക്കം

രാമായണ മാസാചരണത്തിന് തുടക്കം കുറിച്ച് ഇന്ന് കർക്കടക്കം ഒന്ന്. രാമയണ പാരായണത്തോടെ കേരളത്തിലെ വീടുകളും, ക്ഷേത്രങ്ങളും ഇനി ഭക്തിസാന്ദ്രമാകും. ദുരിതങ്ങൾ നിറഞ്ഞ കർക്കടക മാസത്തിൽ രാമായണം വായിക്കുന്നതിലൂടെ മനസ്സിലും ശരീരത്തിലും ശുദ്ധിയും ഐശ്വര്യവും നിറയുമെന്നാണ് വിശ്വാസം. വറുതിയുടെ കർക്കടകം പഞ്ഞകർക്കടകം കള്ളക്കർക്കടം എന്നും അറിയപ്പെടുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡ് സംഘടിപ്പിക്കുന്ന രാമായണ മാസാചരണത്തിന്റെ ഉദ്ഘാടനം മന്ത്രി കെ മുരളീധരൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും.

*********************

## ശബരിമല

ശബരിമല സന്നിധാനത്ത് വൻ ഭക്തജന തിരക്ക്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവർ ധാരാളമായി ദർശനത്തിന് എത്തുന്നുണ്ട്. കർക്കടകമാസ പൂജകളുടെ ഭാഗമായി ഇന്ന് പുലർച്ചെ മഹാഗണപതി ഹോമവും നെയ്യ് അഭിഷേകവും നടന്നു. ചൊവ്വാഴ്ച രാത്രി 10ന് നട അടയ്ക്കും.

*********************

## കർക്കടകമാസാരംഭം (ഇൻട്രോ)

മലയാളികൾക്ക് ചിങ്ങപ്പുലരിയിലേക്കുള്ള യാത്രയുടെ ആഹ്ളാദം കൂടിയാണ് കർക്കടക രാവുകൾ. കർക്കടകത്തെ ആയുർവ്വേദ ചികിത്സയുടെ കാലമായി കാണുന്നവരും, ഭക്തിയുടെ കാലമായി കാണുന്നവരുമുണ്ട്. തൃശ്ശൂർ ജില്ലയിൽ നാലമ്പല

RNU TVPM

ദർശനവും ഗുരുവായൂരിൽ രാമായണ പാരായണത്തിനും ഇന്ന് തുടക്കമായി.

**വിശദാംശങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിത പ്രതാപ്........**

(വോയ്സ്)

*********************

## ആനയൂട്ട്

കർക്കടക മാസത്തിൽ തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ ആനയൂട്ട് നടന്നു. 50-ലധികം ആനകളാണ് ഇത്തവണ ചടങ്ങിൽ പങ്കെടുത്തത്. നാളികേരം, അവൽ, ശർക്കര, മലർ, എള്ള്, തേൻ, പഴവർഗങ്ങൾ എന്നിവയാണ് ഉപയോഗിച്ചത്. 500 കിലോ അരിയുടെ ചോറും പ്രത്യേക ഔഷധക്കൂട്ടുകളും അടങ്ങിയ ഭക്ഷണമാണ് ആനകൾക്ക് നൽകുന്നത്.

*********************

## കർക്കടക ചികിത്സ

ആരോഗ്യപരിചരണത്തിനുള്ള മാസം കൂടിയാണ് കർക്കടകം. ശരീരത്തിൽ നിന്ന് മാലിന്യങ്ങളെ നിർമാർജനം ചെയ്യുകയും പ്രതിരോധശേഷി മെച്ചപ്പെടുത്തുകയുമാണ് കർക്കടക ചികിത്സയുടെ പ്രധാനലക്ഷ്യം. ഔഷധക്കഞ്ഞി കുടിച്ച് ആരോഗ്യസംരക്ഷണം നടത്തുന്നതും കർക്കടക മാസത്തിലെ പ്രത്യേകതയാണ്. ഞവര അരിയോടൊപ്പം കുറുന്തോട്ടിവേര്, തഴുതാമ, ദശപുഷ്പങ്ങൾ, ഉലുവ, ജീരകം എന്നിവ ചേർത്ത് തേങ്ങാപ്പാലിലാണ് ഇത് സാധാരണയായി തയ്യാറാക്കുന്നത്.

*********************

## പൊതുശ്മശാനം - ഇടുക്കി (ഇൻട്രോ)

മരണമെന്ന യാഥാർഥ്യത്തിനു മുന്നിൽ നിസ്സഹായരായി പോകുന്നവർക്ക് അന്ത്യയാത്രയിൽ മാനവികതയുടെ തണലൊരുക്കുകയാണ് ഇടുക്കി ചെറുതോണിയിലെ ഒരു കൂട്ടം മനുഷ്യർ. ജാതി- മത വ്യത്യാസമില്ലാതെ സൗജന്യമായി അന്ത്യവിശ്രമമൊരുക്കുന്ന 'തിലകാശിപീഠം' പൊതുശ്മശാനത്തെ

PRIU TVPM

ക്കുറിച്ച് ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.
(വോയ്സ്)

*********************

## അന്താരാഷ്ട്ര നീതിന്യായ ദിനം

ഇന്ന് അന്താരാഷ്ട്ര നീതിന്യായ ദിനം . ലോക സമാധാനത്തിനും സുരക്ഷയ്ക്കും ക്ഷേമത്തിനും ഭീഷണിയാകുന്ന കുറ്റകൃത്യങ്ങൾ തടയുക, നീതിയെ പിന്തുണയ്ക്കുന്നവരെ ഒന്നിപ്പിക്കുക എന്നിവയാണ് ദിനാചരണത്തിന്റെ ലക്ഷ്യം. അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ രൂപീകരണത്തിലേക്ക് നയിച്ച റോം ചട്ടം 1998ൽ അംഗീകരിച്ചതിൻറെ വാർഷികമായാണ് ദിനാചരണം.

*********************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 790 പോയിൻറ് നേട്ടത്തിൽ 77,977 ലും നിഫ്റ്റി 202 പോയിൻറ് നേട്ടത്തിൽ 24, 275 ലും വ്യാപാരം പുരോഗമിക്കുന്നു. സ്വർണവില കുറഞ്ഞു. പവന് 560 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 4,520 രൂപയും ഗ്രാമിന് 13,065 രൂപയുമാണ് ഇന്നത്തെ വില.

RNUTVPM

*********************

*********************

***********